"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരളീയ പ്രവാസികാര്യ വകുപ്പ് - 'സാന്ത്വന' പദ്ധതി - കോട്ടയം ജില്ല - മരണാനന്തര ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1048/2024/NORKA തീയതി,തിരുവനന്തപുരം, 07-11-2024

---

പരാമർശം:-

1. സ.ഉ.(കൈ.) നമ്പർ 4/2003/നോർക്ക തീയതി 30.10.2003
2. സ.ഉ.(കൈ.) നമ്പർ 4/2013/നോർക്ക തീയതി 01.06.2013
3. നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 21.08.2024 തീയതിയിലെ റൂട്ട്സ്/4126/2024/കെ.ടി.എം നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

'സാന്ത്വന' പദ്ധതി പ്രകാരം ധനസഹായം അഭ്യർത്ഥിച്ച് കോട്ടയം ജില്ലയിൽ നിന്നും ലഭിച്ച ശ്രീമതി മിനി കെ. എച്ച്. (SANT No. 35521) സമർപ്പിച്ച അപേക്ഷയിന്മേൽ, നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടും അനുബന്ധ രേഖകളും വിശദമായി പരിശോധിച്ചും അപേക്ഷകയുടെ തനത് പരിതസ്ഥിതിയും കൂടി കണക്കിലെടുത്തും മരണാനന്തര ധനസഹായമായി ₹1,00,000/- (ഒരു ലക്ഷം) രൂപ അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

2. മേൽ പരാമർശിക്കുന്ന അപേക്ഷകയ്ക്ക് സാന്ത്വന പദ്ധതി പ്രകാരം മുൻപ് ധനസഹായം നൽകിയിട്ടില്ല എന്ന് ഉറപ്പ് വരുത്തിയതിന് ശേഷം അനുവദിച്ച തുക അപേക്ഷകയ്ക്ക് നൽകുന്നതിനാവശ്യമായ അടിയന്തര നടപടികൾ നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാജിമോൻ ജെ
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ്, തിരുവനന്തപുരം.

(അപേക്ഷയുടെ അസ്സൽ ഉള്ളടക്കം ചെയ്യുന്നു)

സെന്റർ മാനേജർ, നോർക്ക-റൂട്ട്സ് മേഖല കാര്യാലയം, എറണാകുളം.

(ധനസഹായം അനുവദിച്ച വിവരം അപേക്ഷകയെ അറിയിക്കേണ്ടതാണ്)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം.

വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.

കരുതൽ ഫയൽ (ബി1/292/2024/നോർക്ക) / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by

Githin. S. V

Date: 08-11-2024 10:45:44

സെക്ഷൻ ഓഫീസർ